പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 230 05.05.2017 -ൽ മറുപടിയ്ക്ക്

## കരിയർ ഡെവലപ്പ് മെന്റ് സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.സ്വരാജ്<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.യു.ആർ.പ്രദീപ്<br>ശ്രീ.ഐ.ബി.സതീഷ് | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തൊഴിൽ അന്വേഷകർ ക്കായി കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇവയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിങ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിംഗ്, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, അനുയോജ്യമായ കോഴ്സുകളുടെ തെരഞ്ഞെടുപ്പ് എന്നിവയിലൂടെ മികച്ച കോഴ്സുകളും, മത്സര പരീക്ഷാ പരിശീലന പരിപാടികൾ, മോക്ക് ഇന്റർവ്യൂ എന്നിവയിലൂടെ അഭികാമ്യമായ തൊഴിലും നേടി യെടുക്കാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുകയാണ് കരിയർ ഡെവലപ്പ് മെന്റ് സെന്ററുകളുടെ ലക്ഷ്യം. |
| സി) വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും എന്തെല്ലാം സഹായങ്ങളും സേവനങ്ങളുമാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ മുഖേന ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | സി) കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിങ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിംഗ്, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, അനുയോജ്യമായ കോഴ്സുകളുടെ തെരഞ്ഞെടുപ്പുകൾ എന്നിവയിലൂടെയും മത്സര പരീക്ഷാ പരിശീലന പരിപാടികൾ, മോക്ക് ഇന്റർവ്യൂ എന്നിവയിലൂടെയും മികച്ച കോഴ്സുകളും തൊഴിലും നേടിയെടുക്കാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുക, കൂടാതെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുന്ന പുതിയ കോഴ്സുകളെ കുറിച്ചും തൊഴിൽ മേഖലയിലെ നൂതന പ്രവണതകളെക്കുറിച്ചും |

| | | | |
|---|---|---|---|
| | | | അറിവ് പകർന്നു നൽകുക, ഉദ്യോഗാർത്ഥികളുടെ സ്കിൽ, എബിലിറ്റി, ആപ്റ്റിറ്റ്യൂട് എന്നിവ ടെസ്റ്റ് ചെയ്ത് തൊഴിലിനുള്ള സ്വീകാര്യതയും നിലവാരവും മനസ്സിലാക്കിക്കൊടുക്കുക. നൈപുണ്യ പരിശീലനം നൽകി പ്രൊഫഷണൽ സമീപനം ഉള്ളവരാക്കി മാറ്റുക തുടങ്ങിയവയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ മുഖേന വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ജോബ് ഫെസ്റ്റുകളിൽ പങ്കെടുക്കുന്നതിനുള്ള അവസരവും ഉണ്ടാക്കി കൊടുക്കുന്നു. |
| **ഡി)** | നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഇത്തരം സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്; | **ഡി)** | നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും. |
| **ഇ)** | കൂടുതൽ ജില്ലകളിൽ പ്രസ്തുത സെന്ററുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ? | **ഇ)** | തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകരയിൽ സി.ഡി.സി. ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. മറ്റ് ജില്ലകളിലെ സാദ്ധ്യത പരിശോധിച്ച് വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ